## പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8101. 24.07.2012 ന് മറുപടിയ്ക്ക്.

## ചെമ്പണാമ്പതി-തേക്കടി റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)മുതലമട പഞ്ചായത്തിലെ ചെമ്പണാമ്പതിയിൽ നിന്നും തേക്കടിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) ഇല്ല. പറമ്പിക്കുളം കടുവാ സങ്കേതത്തിനുള്ളിലൂടെ ചെമ്മണാമ്പതിയിൽ നിന്നും തേക്കടിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്നതിനായി സാധ്യതാ പഠനം നടത്തണമെന്ന് സബ്ജക്ട് കമ്മിറ്റി - II (1988-89) ശുപാർശ ചെയ്തിരുന്നു. ആയതനുസരിച്ച് ഇക്കാര്യത്തിൽ ഒരു പരിസ്ഥിതി ആഘാത പഠനം നടത്തുകയും ആയത് പ്രദേശത്തെ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി)പ്രസ്തുത റോഡിന്റെ സാധ്യതാപഠനം നടത്തുന്നതിനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി)കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം നൽകുമോ ? | (സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.